**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2279** **21-01-2021 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി . എ . അഹമ്മദ് കബീർ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ പ്രഖ്യാപനം നടത്തി 5 വർഷം കഴിഞ്ഞിട്ടും മെഡിസെപ് പദ്ധതി ആരംഭിക്കാൻ കഴിയാതെ പോയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | 24.04.2017ലെ സർക്കാർ ഉത്തരവ്(പി) നം.54/2017/ധന പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുള്ള മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരം 01.08.2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15.07.2019 ലെ സ.ഉ(പി)നം.87/2019/ധന സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദു ചെയ്തിരുന്നു. തുടർന്ന് 15.07.2019ലെ സ.ഉ(പി)നം.87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/ സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ധരെ കൂടി ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ചികിത്സാ നിരക്കുകൾ പരിഷ്കരിച്ച് പുതുക്കിയ Request For Proposal (RFP) 15.10.2020-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെൻഡറിൽ പങ്കെടുത്ത അഞ്ച് ഇൻഷ്വറൻസ് കമ്പനികളുടേയും ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനു വേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിരുന്നു. എന്നാൽ ആർ.എഫ്.പി (REQUEST FOR |

| | | | |
|---|---|---|---|
| | | | PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഇൻഷുറൻസ് കമ്പനികളെ പൊതു താല്പര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണ് എന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 15.10.2020ൽ പ്രസിദ്ധീകരിച്ച ആർ.എഫ്.പി (REQUEST FOR PROPOSAL) റദ്ദാക്കുകയും ചെയ്തതിനാൽ പദ്ധതി സമയബന്ധിതമായി നടപ്പിലായില്ല. |
| (ബി) | നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 15.07.2019ലെ സ.ഉ(പി)നം.87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ധരെ കൂടി ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തിയും അഡ്വക്കേറ്റ്ജനറൽ, കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ചില പ്രത്യേക നിബന്ധനകൾ കൂട്ടി ചേർത്തും ആർ.എഫ്.പി (REQUEST FOR PROPOSAL) വീണ്ടും പരിഷ്കരിച്ച് റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു. |
| (സി) | നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (സി) | പദ്ധതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ 15.10.2020ൽ പ്രസിദ്ധീകരിച്ച ആർ.എഫ്.പി (REQUEST FOR PROPOSAL) യിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ടി ആർ.എഫ്.പി (REQUEST FOR PROPOSAL) റദ്ദാക്കിയതിനാൽ മെഡിസെപ് പദ്ധതിയുടെ ആർ.എഫ്.പി (REQUEST FOR PROPOSAL)പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) | മെഡിസെപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനക്കാർക്കും പെൻഷൻകാർക്കും ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | മെഡിസെപ് പദ്ധതിയുടെ ആർ.എഫ്.പി (REQUEST FOR PROPOSAL) വീണ്ടും പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചതിനു ശേഷമുള്ള റീ-ടെൻഡർ നടപടികളും പൂർത്തിയാകുന്ന മുറയ്ക്കേ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിസെപ് പദ്ധതിയിലൂടെ ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച കൃത്യമായ വിവരം നൽകുവാൻ സാധ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ